പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 169 26-10-2026-ൽ മറുപടിയ്ക്ക്

ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. ആർ. അനിൽ

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മെഡിക്കൽ കോളേജുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയിലെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ കൂടുതൽ ജനകീയമാക്കുകയും ചെയ്യണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി) ആശുപത്രികളിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം ഉറപ്പാക്കാൻ പുതിയ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

മറുപടി: സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ 1961 ലാണെങ്കിലും പിന്നീട് കാലാനുസൃതമായി തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെ നിരവധി പരിഷ്കാരങ്ങൾ ആരോഗ്യവകുപ്പിൽ വരുത്തിയിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ തസ്തികകൾ സൃഷ്ടിക്കുന്നത് NMC മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ്. അപ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് നിർബന്ധമായും ഉണ്ടാകേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. NMC മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നുണ്ട്. അതിനനുസരിച്ച് സ്റ്റാഫ് റിപ്പയർമെന്റും മാറുന്നുണ്ട്. അപ്രകാരം നാഷണൽ മെഡിക്കൽ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുന്നതിനനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിലെ രോഗികളുടെ വർദ്ധനവ് കണക്കിലെടുത്തും പുതിയ ഡിപ്പാർട്ട്മെന്റുകൾ രൂപീകരിക്കുന്നതിനുമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആശുപത്രികളിലെ ജീവനക്കാരുടെ നിലവിലെ ജോലി ഭാരം, കാഷ്വാലിറ്റി/അടിയന്തര വിഭാഗങ്ങളിലെ രോഗികളുടെ എണ്ണം, ഒ.പി./ഐ.പി. രോഗികളുടെ എണ്ണം, ബെഡ് ശേഷി,

പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, നിലവിലെ അംഗീകൃത സ്ഥിരം ത സ്തികകൾ, ജീവനക്കാരുടെ കുറവ് എന്നിവ ഉൾപ്പെടുത്തി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗ്യാപ് അനാലിസിസ് നടത്തി, ആവശ്യാനുസരണം അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു.

(സി) അത്യാഹിത-ട്രോമ ചികിത്സ ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ലഭ്യമാക്കുന്നതിനായി ആരോഗ്യ സ്ഥാപനങ്ങൾ തമ്മിൽ മികച്ച ഏകോപനം ഉറപ്പാക്കിക്കൊണ്ടും ഡിജിറ്റയ്സ്ഡ് സംവിധാനം ലഭ്യമാക്കിക്കൊണ്ടും ഗോൾഡൻ അവർ പ്രോജക്ട് നടപ്പിലാക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

<u>മറുപടി:</u> അപകടത്തിൽപ്പെട്ടവർക്കും മറ്റ് ഗുരുതരാവസ്ഥയിലുള്ള രോഗികൾക്കും അപകടം സംഭവിച്ചതിനോ അടിയന്തര ആരോഗ്യപ്രശ്നം ആരംഭിച്ചതിനോ ശേഷമുള്ള നിർണായകമായ ആദ്യ ഒരു മണിക്കൂറിനുള്ളിൽ (ഗോൾഡൻ അവർ) അടിയന്തര ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനവും ഡിജിറ്റൽ സംവിധാനങ്ങളും ഉറപ്പാക്കുന്ന "ഗോൾഡൻ ഗോൾ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 108 ആംബുലൻസ് സേവനങ്ങളുടെ വിവരങ്ങൾ, e-DARIRAD ഡാറ്റ ഉപയോഗിച്ചുള്ള ജിയോസ്പേഷ്യൽ ഹോട്ട് സ്പോട്ട് മാപ്പിംഗ്, ട്രോമ കെയർ സ്ഥാപനങ്ങളിലെ ഗ്യാപ്പ് അനാലിസിസ്, ഈ മേഖലയിലെ വിദഗ്ധരുമായുള്ള ചർച്ചകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാതല നിർവഹണ പദ്ധതിയും (District Implementation Plan) വിശദമായ ആക്ഷൻ പ്ലാനിന്റെ കരടും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ സർക്കാർ, എംപാനൽ ചെയ്ത സ്വകാര്യ ആംബുലൻസുകളെയും സംയോജിത കമാൻഡ് ആന്റ് കൺട്രോൾ സെന്ററിന് കീഴിൽ കൊണ്ടുവരിക, അപകട ഹോട്ട്സ്പോട്ടുകൾ അടിസ്ഥാനമാക്കിയുള്ള ഡൈനാമിക് ആംബുലൻസ് വിന്യാസം, രോഗിയുടെ വിവരങ്ങൾ മുൻകൂട്ടി ആശുപത്രിക്ക് കൈമാറുന്ന പ്രീ-അറൈവൽ സംവിധാനം, KASP-PMJAY എംപാനൽ ആശുപത്രികളെ ഉൾപ്പെടുത്തിയുള്ള ട്രോമ കെയർ ഗ്രിഡ്, റഫറൽ പ്രോട്ടോക്കോൾ പ്രകാരമുള്ള ഏകീകൃത റഫറൽ സംവിധാനം, അടിയന്തര ആംബുലൻസ് സേവനം, പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

കൂടാതെ റോഡപകടങ്ങളിൽപ്പെട്ടവർക്ക് സമയബന്ധിതമായ ചികിത്സ ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച **PM-RAHAT പദ്ധതി** സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. PM-RAHAT പദ്ധതി നടപ്പിലാക്കി ആയതിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകുകയും സ്കീമിന്റെ നോഡൽ ഓഫീസർ ആയി തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ജനറൽ സർജറി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) ആദിവാസി മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ സ്ഥാപിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

<u>മറുപടി:</u> അതെ, ഗോത്രവർഗ ജനവിഭാഗങ്ങളുടെ മൊത്തത്തിലുള്ള ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി, സമഗ്രമായ ഒരു സമീപനത്തിലൂടെ 'ട്രൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ' (Tribal Health Clusters) സ്ഥാപിക്കുന്നതാണ്. ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകഴിയുന്ന തദ്ദേശീയ ജനവിഭാഗങ്ങളുടെ സവിശേഷമായ വൈദ്യശാസ്ത്രപരവും പോഷകാഹാരപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, വികേന്ദ്രീകൃതവും സമൂഹത്തിന്റെ പിന്തുണയുള്ളതുമായ

കേന്ദ്രങ്ങളായാണ് 'ടൈബൽ ഹെൽത്ത് ക്ലസ്റ്ററുകൾ' പ്രവർത്തിക്കുക. സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന പൊതുജനാരോഗ്യ സർവേയുടെ ഭാഗമായി ഗോത്രവർഗ ജനവിഭാഗങ്ങളുടെ അടിസ്ഥാന ജനസംഖ്യാവിവരങ്ങൾ, ആരോഗ്യ വിവരങ്ങൾ, ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹിക ഘടകങ്ങൾ എന്നിവ 'ഇ-ഹെൽത്ത്' (eHealth) മൊബൈൽ ആപ്ലിക്കേഷൻ വഴി ശേഖരിക്കുന്നു. ഗോത്രവർഗ മേഖലകളിലും വിദൂര പ്രദേശങ്ങളിലും സർവേയ്ക്ക് മുൻഗണന നൽകുന്നു. കൂടാതെ, വയനാട് ജില്ലയിലെ ഗോത്രവർഗ ജനവിഭാഗങ്ങൾക്കായി ഒരു 'സമഗ്ര ഗോത്ര ആരോഗ്യ പദ്ധതി' (Integrated Tribal Health Programme) രൂപീകരിക്കുന്നതിനായി. 22-09-2026-ലെ സ.ഉ(സാധാ)നം.3117/2026/H&FWD നമ്പർ ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്.

വിദൂരവും ദുർഘടവും സേവനങ്ങൾ ലഭ്യമല്ലാത്തതുമായ പ്രദേശങ്ങളിൽ കഴിയുന്ന ജനവിഭാഗങ്ങൾക്ക് സമഗ്രമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, 'പി.എം-ജൻമൻ' (PM-JANMAN) പദ്ധതിക്ക് കീഴിൽ 'മൾട്ടി-പർപ്പസ് സെന്ററുകൾ' (Multi-Purpose Centres MPCs) നിർമ്മിക്കുന്നുണ്ട്. പട്ടികവർഗ വികസന വകുപ്പിന്റെ നേതൃത്വത്തിൽ ആകെ 15 ഇത്തരം കേന്ദ്രങ്ങളാണ് നിർമ്മിക്കുന്നത്. ഇതിൽ 5 മൾട്ടി-പർപ്പസ് സെന്ററുകൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന പൂർത്തീകരിച്ചു. ഈ മൾട്ടി-പർപ്പസ് സെന്ററുകൾ വഴി താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു:

1. നാഷണൽ ഹെൽത്ത് മിഷൻ (NHM) വഴി നിയമിക്കപ്പെടുന്ന അധിക ജെ.പി.എച്ച്.എൻ (JPHN) മുഖാന്തരം ആരോഗ്യ സേവനങ്ങൾ നൽകും. ഇതിൽ 'വില്ലേജ് ഹെൽത്ത് ആൻഡ് ന്യൂട്രിഷൻ ഡേയ്സ്' (Village Health & Nutrition days) സംഘടിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകളും പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പുകളും നടത്തുക, ഉയർന്ന അപകടസാധ്യതയുള്ള ഗർഭധാരണങ്ങൾ (high-risk pregnancies) കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുക, വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുക, ചെറിയ അസുഖങ്ങൾക്ക് ചികിത്സ നൽകുക തുടങ്ങിയവ ഉൾപ്പെടുന്നു.
2. പോഷകാഹാരവും മറ്റ് അംഗൻവാടി സേവനങ്ങളും വനിതാ ശിശു വകുപ്പ് മുഖേന നൽകുക
3. ജീവനോപാധിയും നൈപുണ്യ വികസന സേവനങ്ങളും നൽകുന്നതിന് VDVK(Van Dhan Vikas Kendra)കൾ പ്രവർത്തിക്കും

സെക്ഷൻ ഓഫീസർ

നിലവിൽ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ ഒ.പി. സേവനങ്ങൾ പ്രധാനമായും രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയാണ് ലഭ്യമാകുന്നത്. പ്രസ്തുത സാഹചര്യം പരിഗണിച്ച്, സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത 28 ആശുപത്രികളെ പ്രതീക്ഷാ സെന്ററുകളായി ഉയർത്തി 24X7 സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, മെഡിക്കൽ ഗ്യാസ്ട്രോഎന്ററോളജി എന്നിവയിൽ കൺസൾട്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നിരവധി നിർമ്മാണ പ്രവർത്തനങ്ങളും പുതിയ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പിജി സീറ്റുകൾ അനുവദിച്ച് ലഭിക്കുകയും കൂടുതൽ പിജി സീറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Centrally sponsored scheme ന് കീഴിൽ 56 സൂപ്പർ സ്പെഷ്യാലിറ്റി, 358 സ്പെഷ്യാലിറ്റി സീറ്റുകൾ വർധിപ്പിക്കുന്നതിനായി പ്രൊപ്പോസൽ NMC യുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വദ്ധിപ്പിക്കുന്നതിനും അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കാത്ത് ലാബ് സൗകര്യം മെഡിക്കൽ കോളേജിലും ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, കാസർഗോഡ് ഒഴികെ എല്ലാ മെഡിക്കൽ കോളേജിലും കാത്ത് ലാബ് സൗകര്യം നിലവിലുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് സൗകര്യം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആരോഗ്യവകുപ്പിന് കീഴിൽ 12 ജില്ല/ജനറൽ ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യങ്ങൾ നിലവിലുണ്ട്. കൂടാതെ രണ്ട് സ്ഥാപനങ്ങളിൽ കൂടി കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ കാത്ത് ലാബ് സൗകര്യമുള്ള ആശുപത്രികളിൽ കാർഡിയോളജി വിഭാഗം ഡോക്ടർമാരുടെ സേവനം

ഉറപ്പാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി (കൺസൾട്ടന്റ്) തസ്തികകളും കൂടാതെ, കാത്ത് ലാബ് സേവനങ്ങൾ നിലവിൽ ലഭ്യമാക്കിവരുന്നതും, കാത്ത് ലാബ് ടെക്നീഷ്യൻ തസ്തികകൾ ഇല്ലാത്തതുമായ എട്ട് സ്ഥാപനങ്ങളിൽ രണ്ട് തസ്തികകൾ വീതം ആകെ 16 കാത്ത് ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

വിട്ടുമാറാത്ത വൃക്കരോഗങ്ങൾ മൂലം ഡയാലിസിസ് ആവശ്യമായി വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, രോഗികൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വൃക്കരോഗികൾക്ക് ഗുണമേന്മയുള്ള ഡയാലിസിസ് സേവനങ്ങൾ ഒരുക്കുന്നതിനായി സംസ്ഥാനത്തെ താലൂക്ക് തലം മുതലുള്ള എല്ലാ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ഒരുക്കിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റുകൾ വഴി ഹീമോഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ് എന്നീ സേവനങ്ങൾ നൽകിവരുന്നുണ്ട്. നിലവിൽ സംസ്ഥാനത്ത് പൂർണ്ണ തോതിൽ പ്രവർത്തിച്ചുവരുന്ന എല്ലാ മെഡിക്കൽ കോളേജിലും ഡയാലിസിസ് സൗകര്യം നിലവിൽ ഉണ്ട് ഡയാലിസിസ് സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 24 ലാബ് അസിസ്റ്റന്റ് (ഡയാലിസിസ്) തസ്തികകൾ വിവിധ മെഡിക്കൽ കോളേജുകളിലായി സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിൽ 112 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

2026-2027 സാമ്പത്തിക വർഷത്തിൽ ഡയാലിസിസ് സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മാത്രം പതിമൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് മരുന്നുകൾ, റീഏജന്റുകൾ രോഗികൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ, പ്രൊസീജ്യർ റൂം, പുതിയ ഡയാലിസിസ് മെഷീനുകൾ, പെരിറ്റോണിയൽ ഡയാലിസിസ് യൂണിറ്റുകൾ എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കാൻ ലക്ഷ്യമിടുന്നു. ഇതുകൂടാതെ, നിലവിൽ ഡയാലിസിസ് സൗകര്യം ലഭ്യമല്ലാത്ത എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ട്. കൂടാതെ, ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകൾക്കു പുറമേ കുറഞ്ഞത് നെഫ്രോളജി കൺസൾട്ടൻറുമാരുടെ സേവനം ഉറപ്പാക്കുന്നതിനായി പുതിയ നെഫ്രോളജി കൺസൾട്ടന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടിയും ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ